"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിൽ (KASE) ഒരു മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറുടെ തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും(സി) വകുപ്പ്

സ.ഉ.(കൈ) നം.36/2021/തൊഴിൽ തീയതി,തിരുവനന്തപുരം, 26/07/2021

---

ഉത്തരവ്

തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി തൊഴിൽ വകുപ്പിനു കീഴിൽ 1956-ലെ കമ്പനീസ് ആക്ട് സെക്ഷൻ 25 പ്രകാരം 2012-ൽ രൂപീകൃതമായ ഒരു കമ്പനി ആണ് KASE. ടി സ്ഥാപനത്തെ സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സംസ്ഥാന നൈപുണ്യ വികസന മിഷനായും (SSDM) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന നൈപുണ്യ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന കേന്ദ്ര ഫണ്ടുകൾ SSDM മുഖേനയാണ് ലഭ്യമാക്കുന്നത്. കൂടാതെ Pradhan Mantri Kaushal Vikas Yojana (PMKVY), Skills Acquisition and Knowledge Awareness for Livelihood Promotion (SANKALP) എന്നീ കേന്ദ്ര പദ്ധതികളുടെ നോഡൽ ഏജൻസിയായും KASE-നെ നിയോഗിച്ചിട്ടുണ്ട്. മാത്രവുമല്ല, സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഭരണപരമായ ഒരു ചട്ടക്കൂട് രൂപീകരിക്കുകയും ആയതിന്റെ ഭാഗമായി KASE-നെ സ്കിൽ സെക്രട്ടേറിയേറ്റായും നിയോഗിച്ചിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം KASE-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച സാഹചര്യത്തിൽ ടി സ്ഥാപനത്തിൽ ഒരു മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറെ നിയമിക്കേണ്ടതുണ്ട്. നിലവിൽ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറാണ് KASE-ന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല നിർവഹിച്ചു വരുന്നത്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ൽ ഒരു മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറുടെ സേവനം ആവശ്യമായതിനാൽ ടി സ്ഥാപനത്തിൽ ഒരു മാനേജിംഗ് ഡയറക്ടർ തസ്തിക സൃഷ്ടിച്ച് ഉത്തരവ പുറപ്പെടുവിക്കുന്നു. പുതിയതായി രൂപീകരിച്ച മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ചുവടെ പട്ടികയിൽ പ്രതിപാദിക്കുന്ന യോഗ്യതയും പ്രവർത്തിപരിചയവും ഉള്ളവരെ സെലക്ഷൻ അടിസ്ഥാനത്തിലോ അല്ലെങ്കിൽ അനുയോജ്യനായ ഐ.എ.എസ്. ഉദ്യോഗസ്ഥനെയോ നിയമിക്കുന്നതാണ്.

| | |
|---|---|
| യോഗ്യത / പ്രവൃത്തി പരിചയം | (1). അംഗീകൃത യൂണിവേഴ്സിറ്റി / വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും മികച്ച അക്കാദമിക്ക് റെക്കോർഡോടെ എഞ്ചിനീയറിംഗിൽ ബിരുദവും ബിസിനസ്സ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും (ഐ.ഐ.ടി/ഐ.ഐ.എം ബിരുദധാരികൾക്ക് മുൻഗണന)<br>(2) പ്രശസ്തമായ സ്ഥാപനത്തിൽ 15 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. ആയതിൽ 5 വർഷമെങ്കിലും ഉന്നത മാനേജ്മെന്റ് തലത്തിൽ (അതായത് കമ്പനിയിലെ ഏതെങ്കിലും വകുപ്പിന്റെയോ ശാഖയുടെയോ സ്വതന്ത്ര ചുമതല) ആയിരിക്കണം.<br>(3) ധനകാര്യം, മാർക്കറ്റിങ്, മാനവശേഷി, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിൽ പ്രവൃത്തി പരിചയമുള്ള അപേക്ഷകർക്ക് മുൻഗണന. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (22.07.2021-ലെ ഇനം നം. 132)
ധനകാര്യ വകുപ്പ് [04.03.2020-ലെ 1312986/LBR-1/176/2019-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം]
ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ് (27.8.2019-ലെ PLGEA-BPE3/132/2019-PLGEA നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ) വകുപ്പ്. (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(signature)
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

5297526/2021/(C) LBRD

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-07-2021

ഫയൽ നം. സി3/266/2018/തൊഴിൽ. ഇനം നം: 132

വിഷയം : തൊഴിലും-നൈപുണ്യവുംവകുപ്പ് - കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിൽ (KASE) ഒരു മാനേജിംഗ് ഡയറക്ടറുടെ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു.

(2) - കുറിപ്പിലെ ഖണ്ഡിക മൂന്നിൽ സൂചിപ്പിച്ചിട്ടുള്ള രീതിയിൽ യോഗ്യതയും പ്രവർത്തിപരിചയവുമുള്ളവരെ സെലക്ഷൻ അടിസ്ഥാനത്തിലോ അല്ലെങ്കിൽ അനുയോജ്യനായ ഐ.എ.എസ്. ഉദ്യോഗസ്ഥനെയോ നിയമിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

AS/Su
To issue GO.
24/7

സെക്രട്ടറി, തൊഴിലും-നൈപുണ്യവുംവകുപ്പ്.

23/7/21

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : C3/266/2018/തൊഴിൽ |
| 2. | വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. | വിഷയം | : കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിൽ (KASE) ഒരു മാനേജിംഗ് ഡയറക്ടറുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 09/07/2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് (ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പിന്റെ അഭിപ്രായം) |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. എൻ. കെ. ചന്ദ്ര |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി. മിനി ആന്റണി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 15/07/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 19/07/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. വി.ശിവൻകുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 20/07/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 20/07/2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

<u>*മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്*</u>

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിൽ (KASE) ഒരു മാനേജിംഗ് ഡയറക്ടറുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി തൊഴിൽ വകുപ്പിനു കീഴിൽ 1956 ലെ കമ്പനീസ് ആക്ട് സെക്ഷൻ 25 പ്രകാരം 2012 ൽ രൂപീകൃതമായ കമ്പനി ആണ് KASE. ടി സ്ഥാപനത്തെ സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സംസ്ഥാന നൈപുണ്യ വികസന മിഷനായും (SSDM) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന നൈപുണ്യ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന കേന്ദ്ര ഫണ്ടുകൾ SSDM മുഖേനയാണ് ലഭ്യമാക്കുന്നത്. കൂടാതെ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY), SANKALP എന്നീ കേന്ദ്ര പദ്ധതികളുടെ നോഡൽ ഏജൻസിയായും KASE-നെ നിയോഗിച്ചിട്ടുണ്ട്. മാത്രവുമല്ല, സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഭരണപരമായ ഒരു ചട്ടക്കൂട് രൂപീകരിക്കുകയും ആയതിന്റെ ഭാഗമായി KASE-നെ സ്കിൽ സെക്രട്ടേറിയേറ്റായും നിയോഗിച്ചിട്ടുണ്ട്. നിലവിൽ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറാണ് KASE-ന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല നിർവഹിച്ച് വരുന്നത്. മേൽ വിവരിച്ച പ്രകാരം KASE-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച സാഹചര്യത്തിൽ ടി സ്ഥാപനത്തിൽ ഒരു മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറെ നിയമിക്കേണ്ടതുണ്ട്.

3) ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ KASE-ൽ ഒരു മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനാണ് ശിപാർശ സമർപ്പിച്ചിരുന്നത്.

| | |
|---|---|
| പ്രായപരിധി | 40-50 വയസ്സ് |
| ശമ്പളം | യോഗ്യതയ്ക്കും പ്രവൃത്തി പരിചയത്തിനും അനുസൃതമായി |
| നിയമനം | കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് (KPESB) മുഖേന 5 വർഷത്തേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ |

| | |
|---|---|
| യോഗ്യത / പ്രവൃത്തി പരിചയം | 1. അംഗീകൃത യൂണിവേഴ്സിറ്റി / വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും മികച്ച അക്കാദമിക്ക് റെക്കോർഡോടെ എഞ്ചിനീയറിംഗിൽ ബിരുദവും ബിസിനസ്സ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും ( ഐ.ഐ.ടി / ഐ.ഐ.എം ബിരുദധാരികൾക്ക് മുൻഗണന)<br>2. പ്രശസ്തമായ സ്ഥാപനത്തിൽ 15 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. ആയതിൽ 5 വർഷമെങ്കിലും ഉന്നത മാനേജ്മെന്റ് തലത്തിൽ (അതായത് കമ്പനിയിലെ ഏതെങ്കിലും വകുപ്പിന്റെയോ ശാഖയുടെയോ സ്വതന്ത്ര ചുമതല) ആയിരിക്കണം.<br>3. ധനകാര്യം, മാർക്കറ്റിങ്, മാനവശേഷി, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിൽ പ്രവൃത്തി പരിചയമുള്ള അപേക്ഷകർക്ക് മുൻഗണന. |

4) ഇക്കാര്യത്തിൽ ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തിയിരുന്നു.

"It is seen from file that Hon. Minister for Labour has already approved Note #1 proposing the qualifications and experience required for full-time MD, KASE. Hence the Administrative Dept may be informed that based on the said orders of Hon. Minister to issue by way of a Government Order, the qualifications & experience proposed for the post of MD, KASE except the age criteria and forward the same to

Member Secretary KPESB for initiating the selection process by KPESB. AD is also informed that the age criteria to the position of Managing Directors/CEOs would be

minimum 45 and maximum 62 years. ( As per GO (Ms) No.19/2015/Plg. dated 11/05/2015, the maximum age up to which a MD/CEO functionary can continue is 65 years and the

cut-off age of 62 for applying is prescribed by KPESB in order to ensure a minimum tenure of 3 years to the incumbent )"

5) KASE ൽ സൃഷ്ടിച്ചിട്ടുള്ള കമ്പനി സെക്രട്ടറി തസ്തിക പുനർനാമകരണം ചെയ്ത് MD തസ്തികയാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ടി തസ്തിക KASE ന് അത്യന്താപേക്ഷിതമായതിനാൽ KASE ൽ മാനേജിംഗ് ഡയറക്ടർ തസ്തിക പുതുതായി സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

" ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അനുമതിയുണ്ട് "

6) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ചംക്രമണം ചെയ്ത അവസരത്തിൽ നൈപുണ്യ വികസനരംഗത്ത് ഇനിയും നാം മുന്നേറ്റം കൈവരിക്കേണ്ടതുള്ളതിനാലും കേന്ദ്ര സർക്കാരുമായും

സംസ്ഥാന സർക്കാരിലെ വിവിധ വകുപ്പുകളുമായും യോജിച്ച പ്രവർത്തനം നടത്തുന്നതിൽ KASE–ന് സുപ്രധാന പങ്കുള്ളതിനാലും ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ KASE ന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുന്നതായിരിക്കും അഭികാമ്യം എന്ന് ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടിരുന്നു.

7) ടി വിഷയം മന്ത്രിസഭയുടെ പരിഗണയ്ക്കായി സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## **തീരുമാനിക്കേണ്ട കാര്യങ്ങൾ**

1) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)–ൽ ഒരു മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറുടെ സേവനം ആവശ്യമായതിനാൽ ടി സ്ഥാപനത്തിൽ ഒരു മാനേജിംഗ് ഡയറക്ടർ തസ്തിക സൃഷ്ടിക്കാവുന്നതാണോ ?

2) KASE – ൽ സൃഷ്ടിക്കുന്ന പ്രസ്തുത തസ്തികയിലേയ്ക്ക് ഒരു ഐ.എ.എസ് ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണോ ?